

THURSDAY 25/04/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/04/2025

1. തൃശൂർ പൂരം 2025-ന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്ത് സംഘടിപ്പിക്കുന്ന പൂരം എക്സിബിഷനിൽ കാർഷിക സർവകലാശാല പുറത്തിറക്കിയ പുതിയ വിത്തിനങ്ങൾ പുതിയ സാങ്കേതിക വിദ്യകൾ എന്നിവയുടെ പ്രദർശനവും സർവകലാശാല വികസിപ്പിച്ചെടുത്ത വിത്തുകൾ, നടീൽ വസ്തുക്കൾ, വാല്യൂ ആഡഡ് പ്രോഡക്ടസ്, ജൈവജീവാണു വളങ്ങൾ തുടങ്ങിയവയുടെ വിൽപ്പനയും ഉണ്ടായിരിക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ സെന്റർ, ആറ്റിക്, കശുമാവ് ഗവേഷണ കേന്ദ്രം, അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, കൊക്കോ റിസർച്ച് സ്റ്റേഷൻ, കണ്ണാറ ബനാന റിസർച്ച് സ്റ്റേഷൻ, വെള്ളാനിക്കര അഗ്രികൾച്ചർ കോളേജ്, ഫോറസ്ട്രി കോളേജ്, പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രം, തുടങ്ങിയ സെന്ററിലെ ഉത്പന്നങ്ങൾ പ്രദർശനത്തിന് ഉണ്ടായിരിക്കും.

2. കേരള കാർഷിക സർവകലാശാല പടന്നക്കാട് കാർഷിക കോളേജിൽ മലബാർ മാംഗോ ഫെസ്റ്റ് 2025 മെയ് മാസം ഒന്നു മുതൽ നാലു വരെ സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക പ്രദർശന വിപണനമേള, കാർഷിക സെമിനാറുകൾ, മാംഗോ ഫെസ്റ്റ്, ഫുഡ് കോർട്ട് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

3. വെള്ളായണി കാർഷിക കോളേജിലെ അവസാന വർഷ വിദ്യാർത്ഥികളുടെ ഗ്രാമീണ അവബോധ പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായി ഏപ്രിൽ 26 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഷി ലീഡ്സ് എക്സ്പോ-2025 കോളേജിലെ മണ്ഡപത്തിൽ വച്ച് സംഘടിപ്പിക്കുന്നു. സ്ത്രീ ശക്തികരണത്തിന് സഹായകരമാകുന്ന സ്വയം സഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തുന്ന 'ഷീ ലീഡ്സ്' എക്സ്പോയിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്വയം സഹായ

സംഘങ്ങളുടെ പങ്കാളിത്തം, സംരംഭങ്ങളുടെ പരിചയപ്പെടൽ, ചക്കചായ, കൂൺ കോഫി, ബിരിയാണി, കപ്പ, ചെറുധാന്യ വിഭവങ്ങൾ എന്നിങ്ങനെയുള്ള മൂല്യ വർദ്ധിത-ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വില്പനയും, കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കുന്നതാണ്. വിദ്യാർഥികളുടെ നേതൃത്വത്തിൽ നടക്കുന്ന 'ഷീ ലീഡ്സ്' എക്സ്പോ സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ നേർക്കാഴ്ച നല്കുന്നതിനോടൊപ്പം സ്ത്രീ ശക്തികരണത്തിന് സഹായകരമാകുന്ന സംരംഭക സാധ്യതകൾ മനസ്സിലാക്കുന്നതിനും സഹായിക്കും.

4. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലുടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9778436265.

5. പശുക്കിടാങ്ങളെ മാത്രം ജനിപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് മൃഗസംരക്ഷണ വകുപ്പും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന തരം തിരിച്ച ബീജം ഉപയോഗിച്ചിച്ചുള്ള ബീജാധാനം മലപ്പുറം ജില്ലയിൽ ആരംഭിച്ചു. ഈ ബീജം ഉപയോഗിക്കുന്നതുമൂലം 90 ശതമാനവും പശുക്കിടാങ്ങൾ മാത്രം ജനിക്കുമെന്നാണ് കണക്കാക്കുന്നത്. പൊന്നാനി, പുറത്തൂർ, വണ്ടൂർ, ഇരിമ്പിളിയം, ആനക്കയം, മേലാറ്റൂർ, നിലമ്പൂർ, വഴിക്കടവ്, വട്ടംകുളം, ചാലിയാർ, തുവ്വൂർ, മുതുവല്ലൂർ, പറവണ്ണ, അരിയല്ലൂർ, നന്നമ്പ്ര, കരുവാരക്കുണ്ട്. പെരിന്തൽമണ്ണ, മൂന്നിയൂർ, കോട്ടക്കൽ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഊർങ്ങാട്ടിരി, അമരമ്പലം എന്നീ പഞ്ചായത്തുകളിലെ മൃഗാശുപത്രികളിൽ നിലവിൽ തരം തിരിച്ച ബീജം ലഭ്യമാണെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടി**

6. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വെള്ളായണിയിൽ വച്ച് മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധനയിലും എന്ന വിഷയത്തിൽ 2025 ഏപ്രിൽ 29 ന് രാവിലെ 10 മണിക്ക് പരിശീലനം നൽകുന്നു. രജിസ്ട്രേഷനുകൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 6282936100, 85908 32179.

7. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വയാപനഡയറക്ടകററ്റിന് കീഴിലുള്ള മണ്ണുത്തി സെൻട്രൽ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ട് "വിള സുസ്ഥിരതയ്ക്കുള്ള ജൈവ ഇടപെടലുകൾ എന്ന വിഷയത്തിൽ 3മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിച്ചു വരുന്നു. പ്ലസ്ടു/തത്തുല്യയോഗ്യതയുള്ളവരിൽ നിന്നുംഅപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ-04872371104 വെബ്സൈറ്റ് : **https://cti.kau.in**

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.എെ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ മെയ് 01, 02 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ : **training@rubberboard.org.in**.